

# വികാരിയിൽ നിന്ന് ...

27-04-2018

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രീയ ദൈവജനമെ,

നമ്മുടെ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്താ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് തിരുമേനി ഈ കഴിഞ്ഞ 18–ാം തീയതി രാവിലെ 4.40 ന് ദിവംഗതനായ വിവരം ഏവരും അറിഞ്ഞുവല്ലോ. പ്രസംഗകരുടെ കുലപതിയും, കവിയും, ഗ്രന്ഥകാരനും, മികച്ച വാഗ്മിയും, ജനഹൃദയങ്ങളിൽ എന്നും ജീവിക്കുകയും ചെയ്യുന്ന അനശ്വര ജീവന്റെ ഉടമയും, അക്ഷരങ്ങൾക്ക് ആത്മാവ് നൽകി അനുവാചകരെ രൂപാന്തരത്തിലേയ്ക്ക് നയിച്ച ആത്മീയാചാര്യൻ, നാട്യങ്ങളില്ലാത്ത നിസ്വാർത്ഥ സ്നേഹത്തിന്റെ ആൾരൂപം. വേറിട്ട കർമ്മപഥങ്ങളിലൂടെ സഞ്ചരിച്ച് പ്രവാചകതുല്യമായ ജീവിതം നയിച്ച താപസശ്രേഷ്ഠൻ. മനഃസ്സലിവിന്റെ ആൾരൂപമായ അതുല്യവ്യക്തിത്വം. ജ്വലിക്കുന്ന ഓർമ്മകൾ അവശേഷിപ്പിച്ചിട്ട് യാത്രയായ പുണ്യാത്മാവ്. ദൈവത്തിനും മനുഷ്യനും പ്രീയങ്കരനായ ധന്യാത്മാവ്. കർത്താവിനു വേണ്ടി തേഞ്ഞ് ഇല്ലാതായ മഹത്‌വ്യക്തി. കർതൃസന്നിധിയിലേയ്ക്ക് ചേർക്കപ്പെട്ട ആചാര്യശ്രേഷ്ഠന് ബഹ്റിൻ സെന്റ് പോൾസ് മാർത്തോമ്മാ ഇടവകയുടെ കണ്ണുനീരിൽ ചാലിച്ച യാത്രാമൊഴി രേഖപ്പെടുത്തുന്നു.

മനുഷ്യൻ മൃഗത്തേക്കാൾ അധഃപതിച്ചുപോയ ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ലജ്ജിച്ച് തല താഴ്ത്തേണ്ട അവസ്ഥയിലേയ്ക്ക് മനുഷ്യൻ തരം താണിരിക്കുന്നു. ജമ്മൂ കാശ്മീരിൽ കഠ്‌വാ എന്ന സ്ഥലത്ത് മൃഗീയമായി ബലാൽസംഗത്തിനിരയായ ആസിഫാ എന്ന എട്ടു വയസ്സുകാരി പെൺകുഞ്ഞിന്റെ കുലപാതകം രാജ്യത്തിനാകെ അപമാനവും, കളങ്കവും, തീരാശാപവും തന്നെയാണ്. ഉത്തരപ്രദേശിലെ ഉന്നവ എന്ന സ്ഥലത്തും ഒരു ചെറുപ്പക്കാരി മൃഗീയമായി മാനഭംഗം ചെയ്യപ്പെട്ടു. ഈ സംഭവവും രാജ്യത്തിനാകെ അപമാനകരമായ സംഭവം തന്നെ. മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങളേക്കാൾ അധമനായിമാറും. മനുഷ്യ മനഃസാക്ഷിയെ ഞെട്ടിക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. അന്ധകാരശക്തികൾ പ്രബലപ്പെട്ടു, സത്യവും നീതിയും സമാധാനവും ഇല്ലായ്മ ചെയുന്ന ഈ കാലഘട്ടത്തിൽ നാം വളരെ ജാഗ്രതയോടെ ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇവിടെ നിശബ്ദരായിരുന്നാൽ ചരിത്രം നമ്മുക്ക് മാപ്പ് തരില്ല. സർവ്വ ശക്തിയും ഉപയോഗിച്ച് ഈ തിന്മയ്ക്കെതിരെ സന്ധിയില്ലാ സമരം ചെയ്യാൻ തയ്യാറായേ മതിയാവൂ. ഇവിടെയാണ് ക്രിസ്തീയ മൂല്യങ്ങളുടെ പ്രസക്തി നാം തിരിച്ചറിയേണ്ടത്. നല്ല കുടുംബത്തിൽ, നല്ല മാതാപിതാക്കളുടെ ശിക്ഷണത്തിൽ വളർന്നു വന്ന വ്യക്തികളല്ല ഈ ക്രൂരന്മാരായ കുറ്റവാളികൾ. ആയതിനാൽ നമ്മൾ കുഞ്ഞുങ്ങളെ നല്ല മൂല്യങ്ങൾ പഠിപ്പിക്കുവാൻ ഇനിയും വൈകിക്കൂടാ. രാജ്യത്തെ നിയമങ്ങൾ കൂടുതൽ ശക്തമാവുകയും ഭരണാധികാരികൾ കൂടുതൽ ഉണർന്നു പ്രവർത്തിക്കുകയും ചെയ്യണം. അല്ലെങ്കിൽ എല്ലാ നന്മയും വറ്റിവരണ്ട് മനുഷ്യകുലം നാമാവിശേഷമായിപ്പോകുവാൻ സാദ്ധ്യതയുണ്ട്.

കർത്താവിൻെറ പഠിപ്പിക്കലുകളിൽ ഏറ്റവും ശ്രേഷ്ഠമായ ഒന്നാണ് ക്ഷമിക്കുവാൻ പരിശീലിക്കുക എന്നുള്ളത്. വെറുതെ ക്ഷമിക്കുകയല്ല, മറക്കുവാനും, പൊറുക്കുവാനും കഴിയുമ്പോഴാണ് ക്ഷമയുടെ അർത്ഥം പൂർണ്ണമാകുന്നത്. ക്ഷമയിൽ കൂടി ശാരീരികവും മാനസികവുമായ സൗഖ്യം നമുക്ക് ലഭ്യമാകും. പലരുടേയും ശാരീരിക രോഗങ്ങളുടെ പിന്നിൽ അടങ്ങാത്ത പകയും, വിദ്വേഷവും, വൈരാഗ്യവും മനഃസ്സിൽ കൊണ്ടു നടന്നതാണെന്നുള്ള സത്യം വസ്തുനിഷ്ഠമായ ശാസ്ത്രീയ പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ട വസ്തുത ആണ്. നമ്മോട് എത്ര മോശമായും തെറ്റായും അപരൻ വർത്തിച്ചു എന്നതിൻെറ പേരിൽ നമ്മുടെ അന്തരാത്മാവിൽ വിദ്വേഷത്തിൻേറയും, വൈരാഗ്യത്തിൻേറയും വലിയ ഭാരവും പേറി നാം നടക്കുകയാണെങ്കിൽ നമ്മുടെ ശരീരത്തിൽ അത് വിഷം കലർത്തുന്ന അവസ്ഥയിലെത്തിക്കും. തെറ്റിനെ ലാഘവത്തോടെ കാണണമെന്നല്ല എന്നാൽ മനഃസ്സിൽ നിന്ന് അതിനെ മനഃപൂർവ്വമായി എടുത്ത് കളയുമ്പോൾ മാനസ്സിക സംഘർഷം കുറയുകയും അതുവഴി നമുക്ക് കൂടുതൽ ഊർജസ്വലതയും ഉന്മേഷവും ലഭിക്കുവാൻ ഇടയാവുകയും ചെയ്യും. ആയതിനാൽ ക്ഷമിക്കേണ്ടത് മറ്റുള്ളവർക്ക് വേണ്ടിയല്ല നമുക്ക് വേണ്ടി തന്നെയാണ്. നമ്മുടെ സുസ്ഥിരതയ്ക്കും സൗഖ്യത്തിനും വേണ്ടി കൂടിയാണ്. ഇങ്ങനെ വ്യക്തി ബന്ധങ്ങൾ അഭംഗുരം സംരക്ഷിക്കപ്പെടുവാനും, സാമൂഹിക സംഘർഷങ്ങൾ ഇല്ലാതാക്കാനും ക്ഷമ എന്ന സുകൃതത്തിനു കഴിയും.

സംയമനം മനുഷ്യനെ മൃഗങ്ങളിൽ നിന്നും വ്യത്യസ്തനാക്കുന്നു. "ആത്മസംയമനം നിത്യം ചെയ്തിടുന്ന മഹാമതി രാജ്യം പിടിച്ചെടുക്കുന്ന വീരനെക്കാളുത്തമൻ". ആത്മസംയമനം നിരന്തരമായ അഭ്യാസം കൊണ്ടും അക്ഷീണമായ പ്രയത്നം കൊണ്ടും ആർജ്ജിക്കേണ്ട സുകൃതമാണ്. വികാരങ്ങൾ ഉണ്ടാകുമ്പോൾ അതിനെ നിയന്ത്രിക്കാനുള്ള ഉൾക്കരുത്തും ശക്തിയും മനുഷ്യനുണ്ട്. ആത്മസംയമനം നഷ്ടപ്പെടുന്നതാണ് മനുഷ്യൻെറ എല്ലാ അധഃപതനത്തിൻേറയും അടിസ്ഥാന കാരണം. ആധുനിക മനുഷ്യൻ പ്രകൃതി ശക്തികളെപ്പോലും നിയന്ത്രിക്കുവാൻ ശക്തനാണ്. അണുവിനെപ്പോലും വിശ്ലേഷിപ്പിച്ച് അതിലുള്ള ഊർജ്ജത്തെ പ്രായോഗികമാക്കി പല കാര്യങ്ങൾക്കു വേണ്ടിയും ഉപയോഗിക്കുവാനുള്ള അറിവും കഴിവും മനുഷ്യൻ സമ്പാദിച്ചിരിക്കുന്നു. മനുഷ്യൻെറ ഡി. എൻ. എ. യുടെ സങ്കീർണ്ണമായ ഘടന പോലും മനുഷ്യൻ സ്വായത്തമാക്കി ക്കഴിഞ്ഞിരിക്കുന്നു. ശാസ്ത്ര-സാങ്കേതിക വിദ്യയിൽ അൽഭുതപൂർവ്വമായ നേട്ടം മനുഷ്യരാശി കൈവരിച്ചിരിക്കുന്നു. ഇത്രയൊക്കെ വളർന്നിട്ടും മുന്നേറിയിട്ടും മനുഷ്യന് സ്വയനിയന്ത്രണം നഷ്ടപ്പെട്ട് പൈശാചിക സ്വഭാവത്തിനടിമകളായി മാറുന്ന കാഴ്ച്ച ദുഃഖകരമാണ്. ആയതിനാൽ നാം മനസ്സ് പുതുക്കി രൂപാന്തരപ്പെട്ട് പുതിയ സൃഷ്ടിയായി മാറുവാൻ ദൈവകരങ്ങളിൽ നമ്മെ ഏൽപ്പിക്കാം. അതിന് ദൈവം നമ്മെ ഏവരേയും ശക്തീകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എന്ന്, നിങ്ങളുടെ ഇടവക വികാരി.

**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com